I/109358/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്**: www.dhs.kerala.gov.in

നംഇ.എ2- 2422/2023/ആ.വ.ഡ | തീയതി: 18-11-2023

**<u>സർക്കുലർ</u>**

വിഷയം: ആ.വ.ഡ: ജീവനക്കാര്യം;- പൊതു സ്ഥലംമാറ്റം 2023- പൊതുസ്ഥലംമാറ്റത്തിൽ വിവിധ തസ്തികകളിലുള്ള മെഡിക്കൽ ഓഫീസർമാരുടെ സ്പാർക്കിലെ അപാകതകൾ പരിഹരിക്കുന്നത്- സംബന്ധിച്ച്

2023 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈൻ അപേക്ഷകൾ വിവിധ തസ്തികകളിലുള്ള മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ചതനുസരിച്ച് സ്പാർക്ക് മുഖാന്തിരം തയ്യാർ ചെയ്ത കരട് പട്ടികകൾ ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.ആയതിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖാന്തിരം ലഭ്യമായ അസിസ്റ്റൻറ് സർജൻമാരുടെ 1487 ഓൺലൈൻ അപേക്ഷകളിന്മേൽ സ്പാർക്ക് തയ്യാർ ചെയ്ത 1667 പേരുടെ കരട് പട്ടികയാണ് പ്രസിദ്ധീകരിച്ചിരുന്നത്. പ്രസ്തുത കരട് പട്ടികയിൽ താഴെ പറയും പ്രകാരം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർ - 76
2. പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റത്തിനുള്ള കാലയളവ് പൂർത്തിയാക്കാത്തവർ- 82
3. ഉപരിപഠനാർത്ഥം ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർ- 35
4. മറ്റു തരത്തിലുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർ -11
5. സർവ്വീസിൽ നിന്നും വിരമിച്ചവർ- 1
6. സർവ്വീസിൽ നിന്നും രാജി വച്ചവർ -6
7. മരണപ്പെട്ടവർ- 6
8. അഡ്ഹോക്ക് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർ- 2
9. ഡി.എം.ഇ യിൽ നിയമനം ലഭിച്ചവർ -2
10. ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചവർ -2
11. നിലവിൽ ജോലിയിൽ ഇല്ലാത്തവർ- 45 (ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും

I/109358/2023

കാരണം വ്യക്തമാക്കിയിട്ടില്ല)

**12. സസ്പെൻഷൻ -1**

മേൽ പറഞ്ഞതുൾപ്പെടെ **671** ഓളം അപാകതകൾ സ്ഥാപനങ്ങളിലെ സ്പാർക്ക് അപ്ഡേഷൻറെ അപര്യാപ്തത മൂലം പ്രസ്തുത കരട് പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ടി സാഹചര്യത്തിൽ **2024**-ലെ പൊതു സ്ഥലംമാറ്റ നടപടിക്രമങ്ങൾ കൃത്യതയോടെ നടപ്പിലാക്കുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസർമാരുടെ നേതൃത്വത്തിൽ അതാത് സ്ഥാപന മേധാവികൾ തങ്ങളുടെ സ്ഥാപനത്തിലെ സ്പാർക്കിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനാവശ്യമുള്ള നടപടികൾ സ്പാർക്ക് മുഖാന്തിരം സ്വീകരിക്കുന്നതിനും പ്രസ്തുത നടപടികൾ **2023**ഡിസംബർ **15**-ാം തീയതിയോടു കൂടി പൂർത്തിയാക്കുന്നതിനും കർശന നിർദ്ദേശം നൽകുന്നു. സ്ഥാപന തലത്തിൽ സ്പാർക്കിലെ അപര്യാപ്തതകൾ പരിഹരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടെങ്കിൽ ആതത് ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം **dhsemployregister@gmail.com** എന്ന ഈ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തി സ്പാർക്ക് അപ്ഡേഷൻറെ അപര്യാപ്തത മൂലം ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടിയിൽ അപാകതകൾ സംഭവിക്കുകയാണെങ്കിൽ ഏത് സ്ഥാപനം മുഖാന്തിരമാണോ അപാകത സംഭവിച്ചത് ആ സ്ഥാപന മേധാവിക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

Signed by
Dr Reena K J
Date: 18-11-2023 15:03:37

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും